പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2211 20.06.2012-ൽ മറുപടിക്ക്

## പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ തടയുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ച അടിയന്തിര നടപടികൾ വ്യക്തമാക്കാമോ ; | എ) പകർച്ചവ്യാധികൾ മുൻകൂട്ടി പ്രതിരോധിക്കുവാൻ ഈ വർഷം ജനുവരി മുതൽ തന്നെ സംസ്ഥാന സർക്കാർ 'സമഗ്ര' എന്ന പേരിൽ ഒരു രോഗപ്രതിരോധ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>മൂന്ന് ഘട്ടങ്ങളിലായി നടത്തുന്ന ഈ പരിപാടിയുടെ ഒന്നാം ഘട്ടം ജനുവരി 15ന് തുടങ്ങി മാർച്ച് 15ന് അവസാനിച്ചു. ഈ കാലയളവിൽ കൊതുക്-കൂത്താടി നശീകരണം ആരോഗ്യ ബോധവത്കരണം എന്നീ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി. ത്രിതല പഞ്ചായത്ത് ഘടനയിൽ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തുകയുണ്ടായി. വാർഡ് തലത്തിലുള്ള ഉറവിട നശീകരണവും, ശുചിത്വ പരിപാടികളും നടപ്പിലാക്കുകയുണ്ടായി.<br>മെയ് 15-ന് ആരംഭിച്ച് ജൂലായ് 31 വരെ നീണ്ടുനിൽക്കുന്ന രണ്ടാം ഘട്ട പ്രവർത്തനങ്ങളിൽ രോഗപ്രതിരോധം, രോഗചികിത്സ, പകർച്ചവ്യാധി നിരീക്ഷണവും നിയന്ത്രണവും, കുടിവെള്ള സ്രോതസ്സുകളിൽ ക്ലോറിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. മേയ് 15 മുതൽ ഊർജ്ജിത ശുചീകരണയജ്ഞമായി നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗ നിർദ്ദേശമനുസരിച്ച് അതാത് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ മേയ് മാസത്തിൽ ജില്ലാ യോഗങ്ങൾ കൂടി |

.........2

പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

ബോധവത്കരണത്തിനായി വിവിധ തരത്തിലുള്ള കൈപ്പുസ്തകങ്ങൾ, ലഘുലേഖകൾ, പോസ്റ്ററുകൾ, പനി ചികിത്സയ്ക്കുള്ള മാർഗ്ഗ രേഖകൾ എന്നിവ തയ്യാറാക്കി ജില്ലകളിൽ ലഭ്യമാക്കി.

രോഗചികിത്സയ്ക്കായി മരുന്നുകളും, അനുബന്ധ സാമഗ്രികളും എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. കൊതുക്-കൂത്താടി നിയന്ത്രണത്തിനാവശ്യമായ കീടനാശിനികൾ, ജലശുദ്ധീകരണത്തിനുള്ള ബ്ളീച്ചിംഗ് പൗഡർ, പരിസര ശുചീകരണത്തിനായി ഫിനോയിൽ മുതലായവ ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

| | |
|---|---|
| ബി) സംസ്ഥാനത്ത് വർഷകാല ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | ബി) ഉണ്ട്. |
| സി) സംസ്ഥാനത്തെ ആശുപത്രികളിൽ മരുന്നിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) ഇല്ല. |
| ഡി) എല്ലാ ആശുപത്രികളിലും ആവശ്യമായ മരുന്നുകൾ എത്തിച്ചിട്ടുണ്ടോ ? | ഡി) ആവശ്യമായ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) വഴി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ